(സി) 1995-96 മുതലാണ് കെട്ടിട നികുതിയുടെ സെസ് ലൈബ്രറി കൗൺസിലിന് ലഭിച്ചുതുടങ്ങിയത്. ഈ ഇനത്തിൽ 1995-96-ൽ 2,30,848.45 രൂപയും 1996-97-ൽ 1,33,82,043.25 രൂപയും 1997-98-ൽ 2,14,33,315.85 രൂപയും 1998-99-ൽ 1,59,19,357.65 രൂപയും 1999-2000 ഫെബ്രുവരി വരെ 2,43,02,424.05 രൂപയും കൗൺസിലിന് ലഭിച്ചിട്ടുണ്ട്.

(ഡി) സെസ് ഇനത്തിലുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടയ്ക്കുകയാണ് ചെയ്യുന്നത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പ്രീഡിഗ്രി കോഴ്സിൽ ഇസ്ലാമിക് ഹിസ്റ്ററി

69 (2049) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീഡിഗ്രി കോഴ്സിൽ ഇസ്ലാമിക് ഹിസ്റ്ററി ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഹയർ സെക്കണ്ടറി കോഴ്സിൽ ഇസ്ലാമിക് ഹിസ്റ്ററി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) പരിശോധിക്കുന്നതാണ്.

ദേവസ്വം ബോർഡ് കോളേജിലെ കോപ്പിയടി

70 (2050) ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജിൽ സപ്ലിമെന്ററി പരീക്ഷയിൽ കോപ്പിയടിച്ചതിന്റെ പേരിൽ വിദ്യാർത്ഥികളെ പിടികൂടുകയുണ്ടായോ ;

(ബി) ഇവർക്കെതിരെ എന്തെല്ലാം നടപടിയെടുക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട് ;

(സി) ഇവർക്കെതിരെ നടപടി ശുപാർശ ചെയ്ത പരീക്ഷാ ചീഫിന്റെ കാർ തകർക്കപ്പെട്ടുവോ ;

(ഡി) കോപ്പിയടിച്ചതിന് പിടിക്കപ്പെട്ട വിദ്യാർത്ഥികൾ ഏത് വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവരാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അവർ പ്രസ്തുത സംഘടനയിൽ ഏത് സ്ഥാനം വഹിക്കുന്നു ;

(എഫ്) കോപ്പിയടിച്ച ഇവർക്കെതിരെ എന്ത് നടപടി കൈക്കൊണ്ടു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നാല് വിദ്യാർത്ഥികളെ പിടികൂടുകയുണ്ടായി.

(ബി) നടപടിയെടുക്കുന്നതിനുള്ള ശുപാർശയൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) കാർ തകർത്തതായി വിവരമൊന്നും കിട്ടിയിട്ടില്ല.

(ഡി) അറിയില്ല.

(ഇ) അറിയില്ല.

(എഫ്) ഇവരുടെ പരീക്ഷാ പേപ്പർ മറ്റു പേപ്പറുകൾക്കൊപ്പം യൂണിവേഴ്സിറ്റിക്ക് അയച്ചിട്ടില്ല. പ്രിൻസിപ്പലിന്റെ കസ്റ്റഡിയിൽ സൂക്ഷിച്ചിരിക്കുകയാണ്. യൂണിവേഴ്സിറ്റി ആവശ്യപ്പെടുമ്പോൾ അയച്ചുകൊടുക്കുന്നതാണ്.

കൊല്ലം എസ്.എൻ. കോളേജിലെ വിദ്യാർത്ഥി സമരം

71 (2051) ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം എസ്.എൻ. കോളേജിലെ വിദ്യാർത്ഥി സമരം മൂലം അവിടത്തെ അദ്ധ്യയനം നിരന്തരം തടസ്സപ്പെട്ട കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമരം മൂലം സംഭവിച്ച അദ്ധ്യയന നഷ്ടവും വസ്തുവകകൾക്കുള്ള നഷ്ടവും കണക്കാക്കിയിട്ടുണ്ടോ ;

(സി) ഒരു പ്രത്യേക വിദ്യാർത്ഥി സംഘടനയാണ് സംസ്ഥാനത്തെ വിവിധ കോളേജുകളിൽ ഈ അടുത്ത കാലത്ത് സമരം നടത്തിയിട്ടുള്ളതെന്ന ആരോപണത്തെക്കുറിച്ച് ഗവൺമെന്റിനറിവുണ്ടോ ;

(ഡി) കോളേജുകളിലെ അച്ചടക്കം നിലനിർത്തുന്നതിന് മാനേജ്മെന്റ് സ്വീകരിച്ച നടപടികൾക്കെതിരെയാണ് പല സമരങ്ങളുമെന്ന് വിവിധ മാനേജ്മെന്റുകൾ പരാതിപ്പെട്ടിട്ടുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഇ) ഇത്തരം നിരന്തര സമരത്തിനെതിരെ മറ്റെല്ലാ വിദ്യാർത്ഥി സംഘടനകളും പ്രതിഷേധിച്ചിട്ടുള്ളതായി അറിവുണ്ടോ ;

(എഫ്) എസ്.എൻ. കോളേജ് സമരത്തിനെതിരെ പ്രകടനം നടത്തിയ എ.ഐ.എസ്.എഫ്. പ്രവർത്തകരെ സമരക്കാരും പോലീസും ആക്രമിച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly